**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2479** **11.10.2011- ൽ മറുപടിക്ക്**

## പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.കെ. ജയചന്ദ്രൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | 2011 ൽ ഉണ്ടായ പ്രകൃതി ക്ഷോഭത്തിലും കാലവർഷക്കെടുതിയിലും കേടുപാടുകൾ പറ്റിയ എത്ര റോഡുകളാണ് ഉടുമ്പൻചോല മണ്ഡലത്തിൽ കണ്ടെത്തിയിട്ടുള്ളത്; | (എ) | 72 റോഡുകൾ |
| (ബി) | ഇത്തരത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത്തരം കേസുകളിൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് കലാമിറ്റി റിലീഫ് ഫണ്ട് മാനദണ്ഡ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഉടുമ്പൻചോല മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ തകർന്ന ഭവനങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; | (സി) | പൂർണ്ണമായി തകർന്ന 8 ഭവനങ്ങളും ഭാഗികമായി തകർന്ന 175 എണ്ണവും ഉൾപ്പെടെ ആകെ 183 വീടുകൾ. |
| (ഡി) | ഭവനരഹിതരായവരെ സംരക്ഷിക്കാനും വീടുകൾ പുനർനിർമ്മിച്ച് നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ഡി) | ഭവനരഹിതരായവരെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, പൂർണ്ണമായി തകർന്ന വീടുകളും ഭാഗികമായി തകർന്ന വീടുകളും പുനർ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി കലാമിറ്റി റിലീഫ് നിധിയുടെ മാനദണ്ഡ പ്രകാരം 7,76,600/- രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. |
| (ഇ) | ഉടുമ്പൻചോല മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ ഉണ്ടായിട്ടുള്ള കൃഷി നാശത്തിന്റെ തുക തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും അത് വിതരണം ചെയ്യാൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. 24,75,831/- രൂപയുടെ വിളനാശം സംഭവിച്ചിട്ടുണ്ട്. കലാമിറ്റി റിലീഫ് നിധിയുടെ മാനദണ്ഡപ്രകാരം 8,25,277/- രൂപ വിതരണം ചെയ്യുകയും ബാക്കി തുക ഉടൻ കൊടുത്തുതീർക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ